# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2611** **06.02.2018-ൽ മറുപടിയ്ക്ക്**

**ആദിവാസി മേഖലയിലെ സാക്ഷരതാ മിഷൻ പദ്ധതി**

**ചോദ്യം**
**ശ്രീ.കെ.സി.ജോസഫ്**
**ശ്രീ.റോജി എം. ജോൺ**

**മറുപടി**
**ശ്രീ.എ.കെ.ബാലൻ**
**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി)**

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ) | ആദിവാസി മേഖലയിലെ നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിന് സാക്ഷരതാ മിഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; | എ) | ഉണ്ട് |
| ബി) | 2008-ലെ ആദിവാസി സർവ്വേ പ്രകാരം ആദിവാസി മേഖലയിലെ നിരക്ഷരത എത്ര ശതമാനമായിരുന്നു; നിലവിൽ ഇത് എത്രയാണ് എന്നറിയിക്കാമോ ; | ബി) | 2008 ലെ സോഷ്യോ എക്കണോമിക്ക് സർവ്വേ പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ സാക്ഷരതാ നിരക്ക് 74.44 ശതമാനവും 2011 ലെ (നിലവിലെ) സെൻസസ്സ് പ്രകാരം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ സാക്ഷരതാ നിരക്ക് 75.85 ശതമാനവുമാണ്. |
| സി) | ആദിവാസികൾക്കിടയിലുള്ള മദ്യാസക്തിക്കെതിരെ ബോധവൽക്കരണം നൽകുന്നതിന് ഇത്തരം ക്ലാസുകൾ ഉപയോഗിക്കുമോ? | സി) | ആദിവാസി ഊരുകളിൽ തുടർ വിദ്യാകേന്ദ്രങ്ങൾ വഴി മദ്യം, ലഹരി ഉപയോഗം തുടങ്ങിയവയ്ക്കെതിരെയുള്ള ബോധവൽക്കരണ പരിപാടി നടത്തി വരുന്നുണ്ട്. ആദിവാസികൾക്കിടയിലെ നിരക്ഷരത ഇല്ലാതാക്കുന്നതിനും, തുടർ വിദ്യാകേന്ദ്രങ്ങൾ വഴി കരിയർ ഗൈഡൻസ്, നിയമം, വിദ്യാഭ്യാസം, കുടുംബക്ഷേമം, |

| | | | |
|---|---|---|---|
| | | | ആരോഗ്യം, ശുചിത്വം, ജലസംരക്ഷണം, പരിസ്ഥിതി, കുടുംബ ബഡ്ജറ്റ് എന്നിവയെപ്പറ്റി ബോധവത്കരണം നടത്തുവാനും, തൊഴിൽ പരിശീലനം നൽകി തൊഴിൽ യൂണിറ്റുകൾ രൂപീകരിച്ച് മെച്ചപ്പെട്ട വരുമാനമുണ്ടാക്കാൻ പ്രാപ്തരാക്കാനും ഈ കേന്ദ്രങ്ങൾ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ